● പത്രക്കുറിപ്പ്

എം.പി. വീരേന്ദ്രകുമാർ വയനാട്ടിൽ സർക്കാർഭൂമി കയ്യേറിയ കേസിൽ മുഖ്യമന്ത്രിയും പോലീസും ഒത്ത് ചേർന്ന് തിരഞ്ഞെടുപ്പ് നിയമം അട്ടിമറിക്കുന്നു

ഈ വാർത്തയും പത്രസമ്മേളനവും മുഖ്യധാരയിലെ മിക്ക പത്രമാധ്യമങ്ങളും (മാധ്യമം, ജന്മഭൂമി, ജീവൻ ടിവി ഒഴികെ) തമസ്കരിച്ചതാണ്. മനോരമ, മാതൃഭൂമി, ദി ഹിന്ദു, ദീപിക, മംഗളം, ഇന്ത്യൻ എക്സ്പ്രസ്സ്, ദേശാഭിമാനി, ചന്ദ്രിക, കേരളകൗമുദി, ഏഷ്യാനെറ്റ്, കൈരളി, ഇന്ത്യാവിഷൻ, സൂര്യ, ദൂരദർശൻ തുടങ്ങിയവർ ഈ വാർത്ത പ്രസിദ്ധീകരിച്ചില്ല.

പി. രാജൻ .

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥിയെ അയോഗ്യനാക്കുന്ന കുറ്റകൃത്യങ്ങൾ വോട്ടർമാരിൽ നിന്നു മറച്ചു വെക്കുന്നതിനു മുഖ്യമന്ത്രി എ.കെ. ആന്റണി കൂട്ടു നിൽക്കുകയാണ്. കോഴിക്കോട് മണ്ഡലത്തിൽനിന്ന് ലോകസഭയിലേക്ക് മത്സരിക്കുന്ന ഇടത് ജനാധിപത്യമുന്നണി സ്ഥാനാർത്ഥി എം.പി. വീരേന്ദ്രകുമാറിനെതിരായി, മാനന്തവാടി-കൽപ്പറ്റ പോലീസ് സ്റ്റേഷനുകളിൽ 1998 ജനുവരി 23 നു ലഭിച്ച പരാതി സംബന്ധിച്ച്, വയനാട് ഡി.എസ്സ്.പി. നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടാണ് മുഖ്യമന്ത്രിയുടെ ഒത്താശയോടെ ഡി.ജി.പി. പൂഴ്ത്തിവെച്ചിരിക്കുന്നത്. ഏഴു വർഷം വരെ പ്രതിയെ കഠിന തടവിനു ശിക്ഷിക്കാവുന്ന കുറ്റങ്ങൾ ചുമത്തി കേസെടുക്കാനാവശ്യമായ തെളിവു രേഖകൾ വയനാട് ഡി.എസ്സ്.പി.യുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പിനുമുമ്പ് ഈയന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാർ പ്രസിദ്ധീകരിക്കാത്തത് ജനപ്രതിനിധി നിയമത്തിൽ സ്ഥാനാർത്ഥിയുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനു വോട്ടർമാർക്കുള്ള അവകാശത്തെ, ഫലത്തിൽ അട്ടിമറിച്ചിരിക്കുകയാണ്. നിയമത്തിൽ ഈയവകാശം നൽകുന്ന 33എ വകുപ്പ് 2002 ആഗസ്റ്റ് 24-നാണ് നിലവിൽ വന്നത്. ഇതനുസരിച്ച് നാമനിർദ്ദേശപത്രികയോടൊപ്പം തനിക്കെതിരായിയുണ്ടായിട്ടുള്ളതും, വിചാരണ നടക്കുന്നതുമായ ക്രിമിനൽ കേസുകളുടെ വിവരം സത്യവാങ്മൂലം വഴി സ്ഥാനാർത്ഥികൾ ബോധിപ്പിക്കേണ്ടതാണ്. രണ്ട് വർഷത്തെ ശിക്ഷക്ക് വിധിക്കപ്പെട്ടയാൾ പാർലിമെന്റംഗത്വത്തിനു അയോഗ്യനാകും.

1998 ജനുവരിയിൽ വീരേന്ദ്രകുമാറിനെതിരായി പോലീസ് സ്റ്റേഷനുകളിൽ പരാതി സമർപ്പിച്ചിട്ടും, കേസ് രജിസ്റ്റർ ചെയ്യുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ലാത്തിനാൽ, മുഖ്യമന്ത്രി എ.കെ. ആന്റണി, ചീഫ് സെക്രട്ടറി. ഡി.ജി.പി. എന്നിവരെ വ്യക്തിപരമായി എതിർകക്ഷികളാക്കി, ഹൈക്കോടതിയിൽ പൊതുതാല്പര്യഹർജി ബോധിപ്പിക്കുമെന്നു സർക്കാറിനു മുന്നറിയിപ്പ് കിട്ടിയതിനെതുടർന്നാണ്, വയനാട് ഡി.എസ്.പി.യുടെ അന്വേഷണം ഉണ്ടായത്. പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിരുന്ന മാതൃഭൂമി ഫ്രീ പ്രസ്സ് ഫോറത്തിനു വേണ്ടി, കൺവീനർ പി. രാജൻ 2002 നവംബർ 11 നു നൽകിയ നിവേദനത്തിൽ ഈ പൊതുതാല്പര്യ ഹർജി സംബന്ധിച്ച മുന്നറിയിപ്പും ഉണ്ടായിരുന്നു. മുഖ്യമന്ത്രി തന്നെ 2002 നവംബർ 21 നു പി. രാജനു അയച്ചകത്തിൽ നിവേദനം കിട്ടിയെന്നു അറിയിച്ചു. സർക്കാർ വഴി ലഭിച്ച നിവേദനം സംബന്ധിച്ച് "ഉടനടി അന്വേഷണം നടത്താൻ" അത് വയനാട് ഡിഎസ്.പി.ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന്, 2002 ഡിസംബർ 24 നു ഡി.ജി.പി. ഓഫീസിൽ നിന്നു പി.രാജനെ എഴുതി അറിയിക്കുകയും ചെയ്തു.

കുറ്റാരോപണങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർക്കാർ രേഖകളുടെ ശരിപ്പകർപ്പുകളും ബന്ധപ്പെട്ട ഫയൽ നമ്പറുകളും, പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാതെ പോലീസ് സ്റ്റേഷനിൽ കിടക്കുന്ന പരാതികളുടെ പകർപ്പുകളും മുഖ്യമന്ത്രിക്കും ഡി.ജി.പി.ക്കും അയച്ചിരുന്ന നിവേദനത്തോടൊപ്പം പി. രാജൻ സമർപ്പിച്ചിരുന്നു. അതിനാൽ വയനാട് ഡി.എസ്സ്.പി.ക്ക് "ഉടനടി അന്വേഷണം" പൂർത്തിയാക്കാൻ സാധിച്ചു. പക്ഷെ, പരാതിയില്ലാതെ തന്നെ പോലീസിനു കേസെടുക്കാവുന്ന കുറ്റാരോപണങ്ങൾക്കും എതിരായി കേസൊന്നും എടുത്തില്ല. ഡി.എസ്സ്.പി.യുടെ അന്വേഷണ റിപ്പോർട്ട് പുറത്ത് വരുന്ന പക്ഷ തെരഞ്ഞെടുപ്പിന്റെയവസരത്തിൽ കേസിന്റെ പ്രഥമ വിവരറിപ്പോർട്ട് രജിസ്റ്റർ ചെയ്ത് താമസിയാതെ കുറ്റപത്രം നൽകി വിചാരണ ചെയ്യേണ്ടിവരും. അത് തടയാനാണ് മുഖ്യമന്ത്രിയും പോലീസധികാരികളും വീരേന്ദ്രകുമാറും കൂടി ഗൂഢാലോചന നടത്തിയിരിക്കുന്നത്. തിരഞ്ഞെടുപ്പിനു മുമ്പ് സ്ഥാനാർത്ഥിയുടെ ക്രിമിനൽ പശ്ചാത്തലം വോട്ടർമാരെ അറിയിക്കാതിരിക്കുന്നതിനു നടക്കുന്ന ഗൂഢാലോചനയിൽ മുഖ്യമന്ത്രിക്കുള്ള പങ്ക് ചൂണ്ടിക്കാണിച്ചുകൊണ്ടും ഡി.എസ്സ്.പി.യുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കണം എന്നു അഭ്യർത്ഥിച്ചുകൊണ്ടും 2004 മാർച്ച് 5 നു മുഖ്യമന്ത്രിക്കും ഗവൺമെന്റിനും ഡി.ജി.പി.ക്കും പി. രാജൻ വീണ്ടും നിവേദനം സമർപ്പിച്ചു. മുഖ്യമന്ത്രിയെ നേരിട്ടു കുറ്റപ്പെടുത്തുന്ന ഈ നിവേദനം ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കുക മാത്രമാണ് മുഖ്യമന്ത്രിയുടെ ഓഫീസ് ചെയ്തത്. അറിഞ്ഞുകൊണ്ട് അനാസ്ഥ കാണിക്കുന്നതും അനർഹമായ കാലതാമസം വരുത്തുന്നതും കേരള ത്തിലെ ലോകായുക്തനിയമത്തിൽ ദുർഭരണത്തിനു നൽകുന്ന നിർവ്വചനത്തിൽ വരുമെന്നു, പി. രാജൻ മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ഓർമ്മിപ്പിച്ചിരുന്നു. 2002 നവംബറിൽ സമർപ്പിച്ച നിവേദനത്തിൽ തന്നെ ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകളെ മറികടക്കാനാണ് വീരേന്ദ്രകുമാറിനു എതിരായി കേസ് രജിസ്റ്റർ ചെയ്ത് കുറ്റവിചാരണ നടത്താത്തതെന്നു താൻ വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സെക്കുലർ ജനതാദളിന്റെ സംസ്ഥാന പ്രസിഡന്റായ വീരേന്ദ്രകുമാർ ഇപ്പോൾ ഇന്ത്യൻ ന്യൂസ്സ് പേപ്പർ സൊസൈറ്റിയുടെ പ്രസിഡന്റും പി.ടി.ഐ.യുടെ ചെയർമാനുമാണ്. പ്രമാണിമാരും രാഷ്ട്രീയക്കാരും നിയമം ലംഘിച്ചാൽ കുഴപ്പമില്ലെന്ന ചിന്താഗതി അംഗീകരിക്കാനാവില്ലെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി പ്രസ്താവിച്ചതിന്റെ പശ്ചാത്തലത്തിലാണ്, വീരേന്ദ്രകുമാറിനു എതിരായി പോലീസിൽ ബോധിപ്പിച്ച പരാതിയിൽ നാലുകൊല്ലമായിട്ടും നടപടിയുണ്ടാകാത്തതിനെപ്പറ്റി, മുഖ്യമന്ത്രിക്ക് 2002 നവംബറിൽ നിവേദനം കൊടുത്തത്. ഫാദർ മാത്യൂ വടക്കേമുറിയുടെ നേതൃത്വത്തിൽ ഇൻഫാം പ്രതിനിധികൾ ഗുരുതരമായ നിയമലംഘനങ്ങൾ നടത്തിയെന്നു അഭിപ്രായപ്പെട്ടുകൊണ്ട്, മുഖ്യമന്ത്രി ചോദിച്ചത് ആദിവാസികളുടെ ഭൂമി കയ്യേറ്റത്തെ മാത്രം എന്തിനു കുറ്റപ്പെടുത്തുന്നുവെന്നാണ്. വയനാട് ജില്ലയിൽ കൃഷ്ണഗിരി (പുറക്കാടി) വില്ലേജിൽ മലന്തോട്ടത്തിലും മറ്റുമായി പൊതു ആവശ്യത്തിനു വേണ്ടി 1966 മുതൽ നീക്കിവെച്ചിരുന്ന നൂറേക്കറിലേറെ സർക്കാർ ഭൂമി, വ്യാജ രേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തിയെന്നും, മരക്കച്ചവടക്കാരുമായി ഗൂഢാലോചന നടത്തി അവിടെയുണ്ടായിരുന്ന വിലയേറിയ മരം മുറിച്ചു വിറ്റുവെന്നുമാണ് വീരേന്ദ്രകുമാറിനു എതിരായി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചിട്ടുള്ള പരാതി. കൃഷ്ണഗിരി വില്ലേജിൽ സർവ്വേ നമ്പർ 754/2 ലെ 14.44 ഏക്കർ ഉൾപ്പെടെ സർക്കാർ ഭൂമി വ്യാജ രേഖകൾ ഉണ്ടാക്കി വീരേന്ദ്രകുമാർ കൈവശപ്പെടുത്തി അനുഭവിക്കുന്നുണ്ടെന്നു വ്യക്തമായി ആരോപിച്ചിട്ടുണ്ട്. ഇതുൾപ്പെടെ, വയനാട് ജില്ലയിൽ തോട്ടമുടമകൾ കൈവശപ്പെടുത്തി കാപ്പിത്തോട്ടമാക്കിയിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്ത്, അർഹരായ ആദിവാസികൾക്ക് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട്, 1993 മുതൽക്കു തന്നെ മുഖ്യമന്ത്രിമാർക്കും ഗവൺമെന്റിനും, കളക്ടർമാർക്കും പോലീസധികാരികൾക്കും മാതൃഭൂമി ഫ്രീ പ്രസ്സ് ഫോറം തുടർച്ചയായി പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. വിവരങ്ങൾ അപ്പപ്പോൾ മാധ്യമങ്ങൾക്കു നൽകുകയും ചെയ്തു. പക്ഷെ, ഫലമൊന്നുമുണ്ടായില്ല.

വയനാട് ഡി.എസ്സ്.പി.യുടെ അന്വേഷണ റിപ്പോർട്ട് പുറത്തുകൊണ്ട് വരാൻ ഓരോ മാധ്യമപ്രവർത്തകന്റേയും സഹായം "യോഗം പത്തൊമ്പതി"ന്റെ പേരിൽ അഭ്യർത്ഥിക്കുകയാണ്. മാധ്യമങ്ങൾ ഉൾപ്പെടെ സകല അധികാരകേന്ദ്രങ്ങളുടേയും പ്രവർത്തനം സുതാര്യമാക്കുന്നതിനും, സുപ്രീംകോടതി ഇപ്പോൾ പരിഗണിക്കുന്ന വിഭീഷണവൃത്തി (Whistle blowing) പ്രോത്സാഹിപ്പിക്കുന്നതിനും "യോഗം-പത്തൊമ്പത്" ശ്രമിക്കുമെന്ന് പി. രാജൻ പറഞ്ഞു. എ.കെ. ആന്റണി മുൻകയ്യെടുത്ത് വീരേന്ദ്രകുമാറിനു നിയമവിരുദ്ധമായ ആനുകൂല്യം മുമ്പും നല്കിയിട്ടുണ്ട്. 1996 ലെ തെരഞ്ഞെടുപ്പിന്റെയവസരത്തിൽ, മാധ്യമങ്ങൾ നിശ്ശബ്ദത പാലിച്ചത് മുതലെടുത്തുകൊണ്ട്, മുഖ്യമന്ത്രി എ.കെ. ആന്റണി, അന്നു ലോകസഭയിലേക്ക് മത്സരിച്ചിരുന്ന വീരേന്ദ്രകുമാറിനു വഴിവിട്ട ആനുകൂല്യം നല്കി. കൽപ്പറ്റയിലെ കളക്ടറേറ്റ് വളപ്പിൽ വീരേന്ദ്രകുമാർ കയ്യേറിയിരുന്ന പത്തൊമ്പത് സെന്റ് ഒഴിപ്പിക്കുന്നതിനു 1994 ൽ സർക്കാർ ആരംഭിച്ച നടപടി ആന്റണി സർക്കാർ ഉപേക്ഷിച്ചു. ഇതിനുവേണ്ടി തെറ്റായ റിപ്പോർട്ട് തയ്യാറാക്കി കൊടുത്ത് സർക്കാർ സ്വത്ത് നഷ്ടപ്പെടുത്തിയതിനു അന്നത്തെ ജില്ലാ കളക്ടർ വിശ്വാസ് മേത്തക്കെതിരായി കേസെടുക്കാനാവശ്യപ്പെട്ട് 1996 ഏപ്രിൽ 23നു കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ പി. രാജൻ സമർപ്പിച്ച പരാതി പ്രകാരം ഇത് വരെ പ്രഥമ വിവര റിപ്പോർട്ട് പോലും രജിസ്റ്റർ ചെയ്തിട്ടില്ല. ഇക്കാലത്തിനിടക്ക് വീരേന്ദ്രകുമാർ എം.പി.യും കേന്ദ്ര സഹ മന്ത്രിയുമായി.

സ്ഥാനാർത്ഥികൾ സ്വത്ത് വിവരം വെളിപ്പെടുത്തണമെന്നതുൾപ്പെടെ, സുപ്രീംകോടതിയിൽ നിന്നുണ്ടായ പല നിർ ദ്ദേശങ്ങളും ജനപ്രാതിനിധ്യനിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോകസഭയിൽ സകലകക്ഷികളും ഒന്നിച്ച് ഈ വ്യവസ്ഥ യെ എതിർക്കുകയാണു ചെയ്തത്. സുപ്രീംകോടതി നിർദ്ദേശങ്ങൾ പാലിക്കാത്തതിനു എതിരായുള്ള പൊതുതാൽപര്യഹർജിയിലെ ഇടക്കാല ഉത്തരവ്, നിലവിലുള്ളതിനാലാണ് സ്വത്തും ക്രിമിനൽ പശ്ചാത്തലവും സംബന്ധിച്ച് ഇപ്പോൾ സ്ഥാനാർത്ഥികൾ സത്യവാങ്മൂലം ബോധിപ്പിക്കുന്നത്. എം.പി. വീരേന്ദ്രകുമാറിനെതിരായ കുറ്റാരോപണങ്ങൾ പുറത്ത് വരാതിരിക്കുന്ന പക്ഷം എല്ലാ രാഷ്ട്രീയ നേതാക്കളും മേലാൽ തങ്ങൾക്കെതിരായി കേസ് രജിസ്റ്റർ ചെയ്യുന്നത് തന്നെ തടയുന്നതിനു ശ്രമിച്ചുകൂടായ്കയില്ല. രാഷ്ട്രീയ നേതാക്കളുടേയും ജനപ്രതിനിധികളുടേയും പേരിലുള്ള പരാതികളുടെയടിസ്ഥാനത്തിൽ വേഗം കേസെടുത്ത് അന്വേഷണം നടത്താനും വിചാരണ നടത്താനും പ്രത്യേക സംവിധാനമുണ്ടാക്കുന്നില്ലെങ്കിൽ ജനപ്രാതിനിധ്യനിയമത്തിൽ സ്ഥാനാർത്ഥികളുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച് വോട്ടർക്ക് വിവരം നൽകണമെന്ന വ്യവസ്ഥ നിഷ്ഫലമായിത്തീരുമെന്നു "യോഗം-പത്തൊമ്പതി"ന് ആശങ്കയുണ്ട്.

ഈ പ്രസ്താവനയിൽ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന വ്യാജമായ ആരോപണങ്ങളുണ്ടെങ്കിൽ, തന്നെ പ്രോസിക്യൂട്ട് ചെയ്യാൻ വീരേന്ദ്രകുമാർ സന്നദ്ധനാകണം എന്നു പി. രാജൻ ആവശ്യപ്പെട്ടു. "എന്നാലെങ്കിലും സത്യം പുറത്ത് വരുമല്ലോ."

യോഗം-19, ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശപ്രഖ്യാപനത്തിലും, ഭാരത ഭരണഘടനയിലും ഉള്ള 19-ാം അനുഛേദങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവിഷ്ക്കാര സ്വാതന്ത്ര്യവും അറിയാനുള്ള അവകാശവും പരിരക്ഷിക്കാനും പരിപോഷിപ്പിക്കാനും വേണ്ടി, എറണാകുളം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ള പൗരവേദിയാണ് - "യോഗം-പത്തൊമ്പത്".ഇതിന്റെ കൺവീനറായ പി.രാജൻ 'മാതൃഭൂമി'യിൽനിന്നും പുറത്താക്കപ്പെട്ട അസിസ്റ്റന്റ് എഡിറ്ററാണ്. മാതൃഭൂമി ഫ്രീപ്രസ്സ് ഫോറം പ്രവർത്തകനുമാണ്.

കൃഷ്ണഗിരിയിലെ 14.44 ഏക്കർ

P.RAJAN
SANDHI ,ST.MARTIN ROAD,PALARIVATTOM
COCHIN-682025
Ph. 0484-2344896

11-11-2002

പ്രിയപ്പെട്ട ആന്റണി,

ഇതോടൊന്നിച്ചുവെച്ചിട്ടുള്ള നിവേദനത്തിലേക്കും ബന്ധപ്പെട്ട രേഖകളിലേക്കും താങ്കളുടെ നേരിട്ടുള്ള ശ്രദ്ധ ക്ഷണിക്കുന്നതിനാണ് ഈ കത്ത്. ഇതിലെ മിക്ക രേഖകളും പ്രതിപക്ഷനേതാവായിരിക്കേ താങ്കൾക്ക് അയച്ചുതന്നിട്ടുള്ളവയാണ്.

മുമ്പ് മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ, വീരേന്ദ്രകുമാറിന്റെ നിയമലംഘനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കൽപ്പറ്റ കളക്ടറേറ്റ് വളപ്പിൽ വീരേന്ദ്രകുമാർ കയ്യേറിയ സ്ഥലം ഒഴിപ്പിച്ചെടുക്കാൻ ആരംഭിച്ച നടപടി പോലും അന്ന് താങ്കളുടെ ഗവർമെന്റ് വേണ്ടെന്നുവെച്ചു. അക്കാര്യം താങ്കളുടെ മുന്നിൽ വരേണ്ടതായ ആവശ്യമില്ലെന്നാണ്, പിന്നീട് താങ്കൾ എന്നോട് പറഞ്ഞത്. ഇപ്പോഴത്തെ നിവേദനം താങ്കൾ നേരിട്ട് ശ്രദ്ധിച്ചേ പറ്റൂ.

വീരേന്ദ്രകുമാറിനെ ശിക്ഷിപ്പിക്കുക തങ്കളുടെ ലക്ഷ്യമല്ല. ഗാന്ധിയൻ രീതിയിൽ പശ്ചാത്താപത്തിനും പ്രായശ്ചിത്തത്തിനും അവസരം നൽകുകയാണ് ഉത്തമമായ മാർഗ്ഗം. കഴിയുമെങ്കിൽ, വീരേന്ദ്രകുമാർ മകന്റെ പേരിൽ അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ള 14.44 ഏക്കർ സർക്കാർ സ്ഥലം (കൃഷ്ണഗിരി വില്ലേജ് - സർവ്വേ നമ്പർ 754/2) അദ്ദേഹം സ്വയം സർക്കാറിനു തിരിച്ചു നൽകാൻ അവസരം ഉണ്ടാക്കണം. ആദിവാസികളുടെ ക്ഷേമ പദ്ധതിക്ക് (നാട്ടറിവ് സംരക്ഷിക്കുന്നത് പോലുള്ള) വേണ്ടി ഈ സ്ഥലം സൗജന്യമായി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, താങ്കൾ തന്നെ നേരിട്ട് എഴുതുന്നപക്ഷം, വീരേന്ദ്രകുമാർ അതിനു സന്നദ്ധമാകും എന്നാണ് എന്റെ പ്രതീക്ഷ.ക്രിമിനൽ നിയമത്തിൽ വരെ ശിക്ഷക്ക് പകരം പശ്ചാത്താപത്തിനും പ്രായശ്ചിത്തത്തിനും വ്യവസ്ഥയുണ്ടാക്കണമെന്ന് ഞാൻ വളരെ മുമ്പേ തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. മറുപടി പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

പാലാരിവട്ടം
കൊച്ചി - 25
11-11-2002

(ഒപ്പ്)
പി. രാജൻ

ശ്രീ. എ. കെ. ആന്റണി, ക്ലിഫ് ഹൗസ്, തിരുവനന്തപുരം.

Acknowledged by Chief minister himself on 21-11-2002

മറച്ചുവെച്ചത് ഒന്നും വെളിപ്പെടാതെയും ഗുഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല.

സത്യവേദപുസ്തകം മത്തായി 10.26

മാതൃഭൂമി ഫ്രീ പ്രസ്സ് ഫോറം പ്രസിദ്ധീകരിക്കുന്നത്.

പി.രാജൻ മുഖ്യമന്ത്രി
ശ്രീ. എ.കെ. ആന്റണിയ്ക്ക് അയച്ച പരാതി

കേരളീയം

വരിക്കാരുടെ ശ്രദ്ധയ്ക്ക് :

5 വർഷത്തിലധികമായി (82 ലക്കങ്ങൾ) പ്രസിദ്ധീകരിച്ചുവരുന്ന നിങ്ങളുടെ കേരളീയം വായനക്കാരിൽനിന്ന് വരിസംഖ്യ പ്രതീക്ഷിക്കുന്നു. ഇനി മുതൽ കൂടിശ്ശികയും ഒപ്പം പുതിയ വരിസംഖ്യയും (120 രൂപ) അയയ്ക്കാത്തവർക്ക് മാസിക ലഭിക്കുന്നതല്ല. നിങ്ങളുടെ സാമ്പത്തിക പിന്തുണയും അത്യാവശ്യം. തുക എം.ഒ./ഡി.ഡി./ചെക്ക് (കളക്ഷൻ ചാർജ്ജ് കൂട്ടിച്ചേർത്ത്) അയയ്ക്കുക. മാനേജർ, കേരളീയം, കൊക്കാല, തൃശൂർ-21

വരയും വരിയും — റഫീഖ് അഹമ്മദ്

ക്രിമിനലുകൾക്ക് മത്സരിക്കാൻ അവകാശമില്ല - കോടതി (വാർത്ത)